"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 08.09.2021-ലെ സ.ഉ. (ആർ.ടി.) 3016/2021/റവ. ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

G.O.(Rt) No.4397/2022/RD തീയതി,തിരുവനന്തപുരം, 29-10-2022

പരാമർശം:- 1. സ.ഉ. (സാധാ) 885/2021/റവ, തീയതി, 19.02.2021.

2. സ.ഉ. (സാധാ) നം. 3016/2021/റവ, തീയതി, 08.09.2021.

3. ഡെപ്യൂട്ടി വൈസ് പ്രസിഡന്റ്ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസ് എറണാകുളത്തിന്റെ 22.04.2022-ലെ കത്ത്.

4. എറണാകുളം ജില്ലാകളക്ടറുടെ 20.08.2022-ലെ D5-4295/2021/DCEKM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2018 പ്രളയത്തിൽ ക്ഷീര/പൗൾട്രി/തേനീച്ച/അലങ്കാര പക്ഷി കർഷകർ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ തുടങ്ങിയ ജീവനോപാധി നഷ്ടപ്പെട്ടിട്ടുള്ളവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള ടേം ലോൺ/പ്രവർത്തന മൂലധന വായ്പയിൽ ഉജ്ജീവന പദ്ധതി പ്രകാരം 26 സംരംഭകർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം ഉജ്ജീവന വായ്പ സബ്സിഡി അനുവദിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം ഉജ്ജീവന വായ്പ സബ്സിഡി അനുവദിച്ച26 സംരംഭകരിൽ ക്രമനമ്പർ 13 മുതൽ 21 വരെയുള്ള സംരംഭകർ ഫെഡറൽ ബാങ്ക്, നെടുമുടി, തെക്കേക്കര ബ്രാഞ്ചിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളതെങ്കിലും, വായ്പ സബ്സിഡിക്കായി ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസ് മുഖേന അപേക്ഷ സമർപ്പിച്ചതിനാൽ, വായ്പ സബ്സിഡി എറണാകുളം ജില്ലാകളക്ടർക്ക് അനുവദിക്കുകയുണ്ടായി.

2. ഫെഡറൽ ബാങ്ക്, നെടുമുടി, തെക്കേക്കര ബ്രാഞ്ച് സമർപ്പിച്ച അപേക്ഷകളിൽ (പരാമർശം (1) -ലെ13 മുതൽ 21 വരെയുള്ള സംരംഭകർ) പരാമർശം (2) പ്രകാരം, വായ്പ സബ്സിഡി ഫെഡറൽ ബാങ്ക്, നെടുമുടി, തെക്കേക്കര ബ്രാഞ്ചിന് നല്കുന്നതിനായി ആലപ്പുഴ ജില്ലാകളക്ടർക്കും അനുവദിച്ച് ഉത്തരവായിരുന്നു.

3. ശ്രീമതി.സാറാമ്മയ്ക്ക് (സുലഭം മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റ്) പരാമർശം (1) പ്രകാരം ഒരു ലക്ഷം രൂപയാണ് അനുവദിച്ചത് എന്നും ബാങ്ക് അനുവദിച്ച തുക 7 ലക്ഷം ആയിരുന്നു എന്നും 75,000/- രൂപ കൂടി സബ്സിഡിയായി അനുവദിക്കണം എന്നും ഡെപ്യൂട്ടി വൈസ് പ്രസിഡന്റ്, ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസ്, എറണാകുളം പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചു. പരാമർശം (1)-ലെ ക്രമ നമ്പർ 13-21 വരെയുള്ള സംരംഭകർക്ക് ഫെഡറൽ ബാങ്ക് ആലുവ ഹെഡ് ഓഫീസ് മുഖേന ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് എറണാകുളം ജില്ലാകളക്ടർ പരാമർശം (4) കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവ് പ്രകാരം ക്രമ നമ്പർ 1-8 വരെയുള്ളവർക്കായി ഫെഡറൽ ബാങ്ക് നെടുമുടി, തെക്കേക്കര ബ്രാഞ്ചിന് നല്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് ഉജ്ജീവൻ വായ്പാ

പദ്ധതി പ്രകാരം അനുവദിച്ച സബ്സിഡി ഒഴിവാക്കിക്കൊണ്ടും ക്രമ നമ്പർ 9-ന്റെ (ശ്രീമതി. സാറാമ്മ തോമസ്, സുലഭം മാർജിൻ ഫ്രീ ബസാർ ചമ്പക്കുളം, ആലപ്പുഴ) പരാമർശം (2) ഉത്തരവ് പ്രകാരം സബ്സിഡിയായി അനുവദിച്ച 1,75,000/- രൂപയിൽ പരാമർശം ( 1 ) ഉത്തരവ് പ്രകാരം ശ്രീമതി. സാറാമ്മയ്ക്ക് (ക്രമ നമ്പർ 13) സബ്സിഡിയായി അനുവദിച്ച 1 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള **75,000/- രൂപ (എഴുപത്തയ്യായിരം രൂപ മാത്രം)** ഫെഡറൽ ബാങ്ക്, തെക്കേക്കര ബ്രാഞ്ചിന് നൽകാൻ ആലപ്പുഴ ജില്ലാകളക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീമതി. സാറാമ്മയ്ക്ക് (ക്രമ നമ്പർ 13) സബ്സിഡിയായി അനുവദിച്ച 1,75,000/- രൂപയിൽ ബാലൻസ് തുകയായ ഒരു ലക്ഷം രൂപ ആലപ്പുഴ ജില്ലാകളക്ടർ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(6) ടി ഭേദഗതികളോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIRANI K
DEPUTY SECRETARY

ജില്ലാ കളക്ടർ, ആലപ്പുഴ/എറണാകുളം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

കൺവീനർ, സംസ്ഥാനതല ബാങ്കേഴ്സ് സമിതി, കാനറ ബാങ്ക്, കാനറബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം - 695 001.

നോഡൽ ഓഫീസർ,ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസ്, ഫെഡറൽ ടവർ, ആലുവ — 683 101.

മാനേജർ, ഫെഡറൽ ബാങ്ക് നെടുമുടി, തെക്കേക്കര ബ്രാഞ്ച്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ ഡി.ആർ.എഫ്.-എ/ഡി.ആർ.-ബി വകുപ്പുകൾ

റവന്യൂ ദുരന്ത നിവാരണ വകുപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Bindumol K N**
**Date: 29-10-2022 14:34:13**
സെക്ഷൻ ഓഫീസർ